# കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ടി.ആർ.1-040430/2007

മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്
തിരുവനന്തപുരം, തീയതി : 25.02.2012.

<u>മെമ്മോറാണ്ടം</u>

വിഷയം: വികലാംഗരായ യാത്രക്കാർക്ക് സീറ്റ് സംവരണം ചെയ്യുന്നത് സംബന്ധിച്ച്-

സൂചന: 02.02.2012 ലെ GO(P) No 5/2012/Tran നമ്പർ സർക്കാർ ഉത്തരവ്.

കേരളത്തിലെ എല്ലാ സ്റ്റേജ് കാരേജുകളിലും വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള അഞ്ച് ശതമാനം സീറ്റുകളിൽ ഒരെണ്ണം കണ്ടക്ടർ സീറ്റിനു മുന്നിലായും അടുത്തത് നിലവിലെ സ്ത്രീകളുടെ സീറ്റിനടുത്തായും ക്രമീകരിക്കുവാൻ മേൽ സൂചന പ്രകാരം സർക്കാർ ഉത്തരവായിരിക്കുകയാണ്. ആയതിനാൽ റിസർവേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ വരെയുള്ള സർവ്വീസുകളിൽ നിലവിൽ വികലാംഗർക്കായി രണ്ട് സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നതിൽ ഒരു സീറ്റ് നിലവിൽ ക്രമീകരിച്ചിരിക്കുന്നതുപോലെ കണ്ടക്ടർ സീറ്റിനു മുന്നിലായും രണ്ടാമത്തെ സീറ്റ് വികലാംഗരായ സ്ത്രീകൾക്കായി വാതിലിനു സമീപമുള്ള സ്ത്രീകളുടെ സീറ്റിനടുത്തായും ക്രമീകരിക്കേണ്ടതാണ്. വികലാംഗർക്കായി സംവരണം ചെയ്യുന്ന സീറ്റുകൾ പെട്ടെന്ന് തിരിച്ചറിയത്തക്ക വിധത്തിൽ രേഖപ്പെടുത്തേണ്ടതും ടി സീറ്റുകൾ ടി വിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന കാര്യം ഡ്യൂട്ടിയിലുള്ള കണ്ടക്ടർ ഉറപ്പുവരുത്തേണ്ടതുമാണ്.

മേൽ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ യൂണിറ്റധികാരികൾ ചെയ്യേണ്ടതാണ്.

27.2.12

ചീഫ് ട്രാഫിക് മാനേജർ ഇൻ-ചാർജ് ഓഫ്
എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്)

എല്ലാ യൂണിറ്റധികാരികൾക്കും
എല്ലാ മേഖലാ അധികാരികൾക്കും
എല്ലാ സ്ക്വാഡ് യൂണിറ്റുകൾക്കും
ചീഫ് ഓഫീസിലെ എല്ലാ വിഭാഗങ്ങൾക്കും
സി.എം.ഡി.യുടെ പി.എസ്.ന്
ജി.എം.ന്റെ സ്റ്റെനോക്ക്
ഫയൽ & സ്റ്റോക്ക് ഫയൽ.